പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം- 5776 09-07-2012- ൽ മറുപടിയ്ക്ക്.

## അലിഗഢ് മലപ്പുറം സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>*(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |

| | | | |
|---|---|---|---|
| (എ) | അലിഗഢ് മലപ്പുറം സെന്ററിനുവേണ്ടി ഭൂമി ഏറ്റെടുത്ത് കൈമാറിയത് ഉപാധികളോടെ ആയിരുന്നുവോ ; വെളിപ്പെടുത്താമോ ; | (എ) & (ബി) | ഭൂമി, സർക്കാരിന്റെ മുൻ അനുമതി കൂടാതെ കൈമാറ്റം ചെയ്യാനോ, പാട്ടത്തിന് നൽകാനോ മറ്റ് ബാധ്യതകളിൽ ഉൾപ്പെടുത്താനോ പാടില്ല എന്നും ഏറ്റെടുത്ത് നൽകുന്ന ഭൂമി എന്തിനാണോ നൽകുന്നത് അതിനുമാത്രമേ വിനിയോഗിക്കാവൂ എന്നും ഉള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് ഭൂമി ഏറ്റെടുത്ത് നൽകിയത്. |
| (ബി) | എങ്കിൽ ഉപാധികൾ എന്തെല്ലാമായിരുന്നെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | നിശ്ചിത കാലയളവിനുള്ളിൽ സുസജ്ജമായ ക്യാംപസ് രൂപീകരണം യൂണിവേഴ്സിറ്റി അധികൃതർ ഉറപ്പ് നൽകിയിരുന്നോ ; വ്യക്തമാക്കാമോ ; | (സി) | അടിസ്ഥാന വികസനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നമുറയ്ക്ക് കാംമ്പസ് നിർമ്മാണം പൂർത്തിയാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന സെന്റർ 01-06-2012 മുതൽ പുതിയ കാമ്പസിലേയ്ക്ക് മാറിയിട്ടുണ്ട്. |
| (ഡി) | സുസജ്ജമായ ക്യാംപസ് നിശ്ചിത സമയത്തിനുള്ളിൽ രൂപീകരിക്കണം എന്ന ആവശ്യം മുൻനിർത്തി സംസ്ഥാന സർക്കാരിന്റെയും യൂണിവേഴ്സിറ്റിയുടെയും ബന്ധപ്പെട്ട കേന്ദ്ര സർക്കാർ വകുപ്പുകളുടെയും ഉന്നതതല സംയുക്തയോഗം അടിയന്തിരമായി വിളിച്ചു ചേർക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ